3361
24/3/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി 2014 - 15 സാമ്പത്തിക വർഷ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3.15/- കോടി രൂപയിൽ നിന്നും അവസാന ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ)നം. 153/2015/സാനീവ തീയതി, തിരുവനന്തപുരം, 20.03.2015

==========================================================================================

പരാമർശം : (1) സ.ഉ(സാധാ)നം. 495/2014/സാനീവ തീയതി 7.8.2014
(2) സ.ഉ(സാധാ)നം. 760/2014/സാനീവ തീയതി 19.12.2014
(3) കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.01.2015 ലെ പി3/1466/2014/കെ.എസ്.എസ്.എം (1) നമ്പർ കത്ത്.

## ഉത്തരവ്

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഭരണപരമായ ചെലവുകൾക്കും മിഷൻ മുഖേന നടപ്പാക്കുന്ന പുതിയ പദ്ധതികൾക്കും 2014 - 15 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72 (00) NP ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3.15/- കോടി രൂപയിൽ നിന്നും ഓരോ കോടി രൂപ വീതം പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്നു. അവശേഷിക്കുന്ന 1.15/- കോടി രൂപ അനുവദിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2014 - 15 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72 (00) NP ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3.15/- കോടി രൂപയിൽ നിന്നും അവസാന ഗഡുവായി 1.15/- കോടി രൂപ ( ഒരു കോടി പതിനഞ്ച് ലക്ഷം രൂപ മാത്രം) കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള Spl.T.S.B A/C No. 15146- ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എൽ.എ. ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
✓ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ